വനംവകുപ്പിന്റെ കീഴിലുള്ള സ്ട്രോംഗ് റൂമുകൾ

107 (1162) ശ്രീമതി രാധാരാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ കീഴിൽ എത്ര സ്ട്രോംഗ് റൂമുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏതെല്ലാം സ്ട്രോംഗ് റൂമുകളിൽ നിന്നും വനവിഭവങ്ങൾ മോഷണം പോയിട്ടുണ്ട് ;

(സി) പ്രസ്തുത മോഷണങ്ങൾമൂലം എത്ര കേസ്സിന്റെ തൊണ്ടി സാധനങ്ങൾ നഷ്ടപ്പെടുകയുണ്ടായി ;

(ഡി) ഇത്തരത്തിൽ മോഷണംപോയ സാധനങ്ങളുടെ വിലയെത്തുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ടി മോഷണം സംബന്ധിച്ച അന്വേഷണം തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3 എണ്ണം.

(ബി) ഒലവക്കോട് റെയ്ഞ്ച് പരിസരത്തുള്ള സ്ട്രോംഗ് റൂമിൽ നിന്ന് 2002-ൽ വനവിഭവങ്ങൾ മോഷണം പോയിട്ടുണ്ട്.

(സി) 35 കേസ്സുകളിൽപ്പെട്ട തൊണ്ടിസാധനങ്ങളും, 4 ആനകളുടെ സ്വാഭാവിക മരണത്തോടനുബന്ധിച്ച് കസ്റ്റഡിയിലെടുത്തിരുന്ന ആനക്കൊമ്പ്, തേറ്റ എന്നിവയും നഷ്ടപ്പെടുകയുണ്ടായി.

(ഡി) 29,29,190 രൂപ വിലവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) ടി മോഷണം സംബന്ധിച്ച് പോലീസ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നുണ്ട്. ഇതേവരെ അന്വേഷണം പൂർത്തിയാക്കുകയോ, പ്രതികളെ അറസ്റ്റുചെയ്യുകയോ, തൊണ്ടി സാധനങ്ങൾ കണ്ടെടുക്കുകയോ ചെയ്തിട്ടില്ല.

ചന്ദനമരങ്ങളുടെ കവർച്ചയുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം

108 (1163) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചന്ദനമരങ്ങളുടെ കവർച്ചയുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly